സംബന്ധിച്ച് ദേശീയ വിദ്യാഭ്യാസ ന്യൂനപക്ഷ കമ്മീഷൻ 16-12-2010-ൽ 732/2009-ാം നമ്പരായി പുറപ്പെടുവിച്ച ഉത്തരവിൻമേൽ സർക്കാർ തലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

ദേശീയ ന്യൂനപക്ഷ വിദ്യാഭ്യാസ കമ്മീഷന്റെ 16-12-2010-ലെ ഉത്തരവിൻമേൽ 57113/എഫ്3/2010/പൊ.വി. എന്ന ഫയലിൽ നടപടികൾ സ്വീകരിച്ചു വരുന്നു. ഇക്കാര്യത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്.

ഭാഷാ പഠനത്തിനും സാഹിത്യത്തിനുമുള്ള സർവ്വകലാശാലകൾ

37 (2040) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഭാഷാപഠനത്തിനും സാഹിത്യപഠനത്തിനുമുള്ള എത്ര സർവ്വകലാശാലകൾ പ്രവർത്തിക്കുന്നുണ്ട് ; അവ ഏതെല്ലാം അവയുടെ ആസ്ഥാനം എവിടെയാണ് ;

(ബി) അറബിക് ഭാഷാപഠനത്തിനും, സാഹിത്യപഠനത്തിനുമായി ഒരു സർവ്വകലാശാല ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ; എങ്കിൽ അതിന്റെ ആസ്ഥാനം എവിടെയാണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) കേരള സർവ്വകലാശാല, മഹാത്മാഗാന്ധി സർവ്വകലാശാല, കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കോഴിക്കോട് സർവ്വകലാശാല, കണ്ണൂർ സർവ്വകലാശാല, കേരള കലാമണ്ഡലം, സെൻട്രൽ യൂണിവേഴ്സിറ്റി എന്നീ സർവ്വകലാശാലകളിൽ മറ്റ് വിഷയങ്ങൾക്ക് പുറമേ ഭാഷാപഠനത്തിനും സാഹിത്യപഠനത്തിനുമുള്ള സൗകര്യമുണ്ട്. മേൽ സർവ്വകലാശാലകളുടെ ആസ്ഥാനം താഴെകൊടുക്കുന്നു:

1. കേരള സർവ്വകലാശാല - തിരുവനന്തപുരം
2. മഹാത്മാഗാന്ധി സർവ്വകലാശാല - കോട്ടയം
3. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല - എറണാകുളം
4. സംസ്കൃത സർവ്വകലാശാല - കാലടി
5. കോഴിക്കോട് സർവ്വകലാശാല - തേഞ്ഞിപ്പലം

LIBRARY ARCHIVES Kerala Legislative Assembly

6. കണ്ണൂർ സർവ്വകലാശാല - മങ്ങാട്ടുപറമ്പ

7. കേരള കലാമണ്ഡലം സർവ്വകലാശാല - തൃശ്ശൂർ

8. സെൻട്രൽ യൂണിവേഴ്സിറ്റി - കാസർകോഡ്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

പിന്നോക്ക സമുദായങ്ങളിൽപ്പെട്ട നിർദ്ധന വിദ്യാർത്ഥികൾക്ക് കേന്ദ്ര സർക്കാർ നൽകുന്ന സ്കോളർഷിപ്പ് തുക വിതരണം

38 (2041) ശ്രീ. കെ. ബാബു :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. വർക്കല കഹാർ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിന്നോക്ക സമുദായങ്ങളിൽപ്പെട്ട നിർദ്ധന വിദ്യാർത്ഥികൾക്ക് കേന്ദ്ര സർക്കാർ നൽകുന്ന സ്കോളർഷിപ്പ് തുക വിതരണം ചെയ്യുന്നതിൽ വീഴ്ച വരുത്തിയത് സംബന്ധിച്ച് എ.ജി. എന്തൊക്കെ കണ്ടെത്തലുകളാണ് നടത്തിയിട്ടുള്ളത് ;

(ബി) 2007-08-ൽ പിന്നോക്ക വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യാനായി കേന്ദ്ര സർക്കാർ എന്ത് തുകയാണ് അനുവദിച്ചത് ;

(സി) ഇതിൽ എന്ത് തുക വിതരണം ചെയ്തു ;

(ഡി) 2007-08-ൽ അനുവദിച്ച തുക മുഴുവൻ വിതരണം ചെയ്യാനാകാത്തതിനാൽ അടുത്ത വർഷങ്ങളിലെ വിഹിതങ്ങളിൽ കുറവ് വന്നിരുന്നുവോ ; എങ്കിൽ ഇത് സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഇ) ഇത്തരത്തിൽ കേന്ദ്ര ഫണ്ട് യഥാസമയം വിതരണം നടത്താതിരുന്നതിന്റെ കാരണങ്ങൾ എന്തൊക്കെയാണ് ?

ഉത്തരം

(എ) സ്കോളർഷിപ്പ് തുക വിതരണം നടത്തിയതിൽ വീഴ്ച വരുത്തിയിട്ടുള്ളതായി എ.ജി. യുടെ കണ്ടെത്തലുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) 2007-2008-ൽ തുക അനുവദിച്ചിട്ടില്ല.

(സി-ഇ) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly